പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3093 21/06/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറി, നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ .റ്റി.വി .രാജേഷ്

മറുപടി

കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ രൂപം നൽകിയിട്ടുണ്ട്.

1) സുസ്തിര നെൽകൃഷി വികസനം (ഗ്രൂപ്പ് ഫാമിങ്ങ്)
2) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.
3) പി.പി.പി.എസ്.ആർ.ഐ. പദ്ധതി
4) നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്.
5) ഉൽപാദന ബോണസ്.
6) ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി.
7) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.
8) നെല്ലു സംഭരണം

സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി 2013-14 വർഷത്തിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

I. പച്ചക്കറി വികസന പദ്ധതി 56.25 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

1. പുരയിടങ്ങളിൽ പച്ചക്കറി പ്രോത്സാഹനം ( 500 ലക്ഷം) വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനായി കൃഷി ഭവൻ മുഖേന 5 ലക്ഷം വിത്തു കിറ്റുകളും വിദ്യാർത്ഥികൾ മുഖേന 50 ലക്ഷം വിത്തു കിറ്റുകളും നൽകും.

**2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനം (600 ലക്ഷം)**

ജില്ലകളിൽ 28000 ഗ്രോബാഗ് യൂണിറ്റുകൾ മട്ടുപ്പാവ് കൃഷിയ്ക്കായി നൽകും. 2000/- രൂപ വിലയുള്ള 25 ഗ്രോബാഗുകൾ അടങ്ങുന്ന 1

യൂണിറ്റിന് 1500/- രൂപ ധനസഹായം നൽകും. മുൻ വർഷങ്ങളിൽ വിതരണം ചെയ്ത യൂണിറ്റുകൾക്ക് ആവർത്തന ചെലവായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മട്ടുപ്പാവ് കൃഷിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായി കൃഷിയുദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 3. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി (300 ലക്ഷം)

വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി, ജലസേചന യൂണിറ്റുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കും. വിദ്യാലയങ്ങളിൽ കൃഷി ചെയ്യുന്നതിന് 5000/- രൂപയും ജലസേചന യൂണിറ്റുകൾക്ക് 10,000/- രൂപയും ധനസഹായം നൽകും.

### 4. പരിശീലനവും പ്രചരണവും ( 100 ലക്ഷം)

പരിശീലന പരിപാടികൾ, ക്യാമ്പെയിനുകൾ വിളവെടുപ്പുത്സവങ്ങൾ, അവലോകന യോഗങ്ങൾ, പരിശീലന ഉപാധികൾ എന്നിവയ്ക്കായി 100 ലക്ഷം രൂപ നൽകും.

### 5. ജില്ലാ ക്ലസ്റ്റർ വികസനം (2700 ലക്ഷം)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 5 ഹെക്ടർ വീതമുള്ള 2100 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്ററിന് 112500 രൂപ നിരക്കിൽ ധനസഹായം നൽകും. കൂടാതെ 1720 പമ്പ് സെറ്റുകൾ, 10000 രൂപ നിരക്കിലും 1000 സസ്യസംരക്ഷണ ഉപകരണങ്ങൾക്ക് 1500 രൂപ നിരക്കിലും സഹായം നൽകും. ഓരോ ക്ലസ്റ്ററിനും ഹരിത ഫണ്ടായി 2000 രൂപ നൽകും. കൂടാതെ ക്ലസ്റ്ററിന് ആവശ്യം വേണ്ടുന്ന നൂതന കാര്യങ്ങൾക്കായി 42 ലക്ഷം രൂപ നൽകും.

### 6. സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം)

ജില്ലയിലും പദ്ധതി ആസ്ഥാനത്തും പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന സാങ്കേതിക സഹായത്തിനും കരാർ നിയമനങ്ങൾക്കുമായി 50 ലക്ഷം രൂപ നൽകും

**7. കേരള കാർഷിക സർവ്വകലാശാല (50 ലക്ഷം)**

വിഷവിമുക്തമായ, ഭക്ഷ്യയോഗ്യമായ, ജൈ മുറകൾ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷിക്ക് സഹായമായി 50 ലക്ഷം രൂപ നൽകും.

**8.സീഡ് വെൻഡിംഗ് മെഷീനുകൾ ( 50 ലക്ഷം)**

നഗര/നഗര പ്രാന്ത പ്രദേശങ്ങളിലെ കർഷകർക്ക് ആവശ്യാനുസരണം പച്ചക്കറി വിത്ത് ലഭ്യമാക്കുന്നതിന് വിത്ത് വിതരണം യന്ത്രങ്ങൾ സ്ഥാപിക്കാനായി 50 ലക്ഷം രൂപ നൽകും. സംസ്ഥാന വിത്തു വിതരണ അതോറിറ്റിയാണ് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത്.

**9. അവാർഡ്/ഇൻസെന്റീവ് ( 50 ലക്ഷം)**

ജില്ലാതല അവാർഡുകൾ, സംസ്ഥാന- തല അവാർഡുകൾ എന്നിവ നൽകാനും അവാർഡ് ജേതാക്കൾക്ക് ഉത്തേജകം എന്ന നിലയിൽ പഠനയാത്രകൾ സംഘടിപ്പിക്കാനും ഈ ഫണ്ട് ഉപയോഗിക്കും.

**10. എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന സഹായം(630 ലക്ഷം)**

2012-13 ലെ ക്ലസ്റ്ററുകളെ അവരുടെ പ്രവർത്തന മികവ് അനുസരിച്ച് ഗ്രേഡ് ചെയ്യുകയും തെരഞ്ഞെടുക്കപ്പെട്ട എ ഗ്രേഡ് ക്ലസ്റ്റുകൾക്ക് തൈയ്യുല്പാദന യൂണിറ്റ്, മഴമറകൾ, ടില്ലറുകൾ, വീൽ ബാരോകൾ, ശീത ചേമ്പറുകൾ എന്നിവയും റിവോൾവിംഗ് ഫണ്ടും നൽകുന്നു.

**11. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശന യൂണിറ്റുകൾ (100 ലക്ഷം)**

സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

**12. ഡോക്കുമെന്റേഷൻ ( 40 ലക്ഷം)**

വിവിധ തലങ്ങളിൽ ഡോക്കുമെന്റേഷനു വേണ്ടി തുക ഉപയോഗിക്കും.

**13. എക്സ്റ്റേണൽ മോണിറ്ററിംഗ് ( 30 ലക്ഷം)**

പദ്ധതി സമയാസമയങ്ങളിൽ വിലയിരുത്തുന്നതിനായി ഈ ഫണ്ട് ഉപയോഗിക്കും.

**14. ബ്ലോക്കു തല ഓർഗനൈസേഷനുകൾ (200 ലക്ഷം)**

ബ്ലോക്കു തലത്തിൽ മാസ്റ്റർ ക്ലസ്റ്ററുകളുടെ കൂട്ടായ്മയ്ക്ക് റിവോൾവിംഗ് ഫണ്ട്, വിപണി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നു.

15. <u>കിഴങ്ങു വർഗ്ഗങ്ങളുടെ വികസനം (150 ലക്ഷം)</u>
കിഴങ്ങു വിളകളുടെ വികസനത്തിനായി 1500 ഹെക്ടർ സ്ഥലത്ത് കിഴങ്ങു കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ നിരക്കിൽ ധനസഹായം നൽകും.

16. <u>നഴ്സറികൾ സ്ഥാപിക്കൽ (75 ലക്ഷം)</u>
തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന ബ്ലോക്കുതല നഴ്സറികൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നു.

II. വയനാട് പാക്കേജ് പദ്ധതി പ്രകാരം 400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 150 ഹെക്ടർ സ്ഥലത്ത് ഓപ്പൺ പ്രിസിഷൻ ഫാമിംഗ് ചെയ്യുന്നതിനും 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ്സ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്
2. പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതി
3. ഹൈടെക് ഫാമിംഗ് പദ്ധതി
4. വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ശീതകാല പച്ചക്കറികൃഷി വികസന പദ്ധതി.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ മുഖാന്തിരം താഴെ പറയുന്ന പ്രവർത്തനങ്ങൾ 2012-13 ൽ നടത്തിയിട്ടുണ്ട്.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012-13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 21000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തീട്ടുണ്ട്.
- 518 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു
- 370 കർഷക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

- ഗുണമേന്മയുള്ള 60 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തി
- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് കൂടി വ്യാപിപ്പിച്ചു
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 42 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് കഴിഞ്ഞു
- പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു
- പങ്കാളിത്ത ഗവേഷണം, നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശനം, പ്രചാരണം തുടങ്ങിയ പരിപാടികൾ പഴം പച്ചക്കറി മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്
- 35 കോടി രൂപ പഴം പച്ചക്കറിമേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കി.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്തു.
- ഓർഗാനിക് ഫാമിങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി PGS (Participatory Guarantee System) സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ കൗൺസിൽ നടത്തി വരുന്നു.
- മണ്ണ് പരിശോധന നടത്തി വളപ്രയോഗ ശുപാർശകളടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തുവരുന്നു.
- കൗൺസിലിന്റെ സ്വാശ്രയകർഷക വിപണികൾ വഴി 1.01 ലക്ഷം ടൺ പഴം പച്ചക്കറികൾ 2012-13 സാമ്പത്തിക വർഷം വിപണനം നടത്തിയിട്ടുണ്ട്.
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത്

കർഷകരിലെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- 14 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 274 നിലവിലുള്ള വിപണികളുടെ പ്രവർത്തനം, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം
- സ്വാശ്രയകർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.
- ഉല്പന്നങ്ങളുടെ വില ഇടിയുന്ന അവസരങ്ങളിൽ ഫെയർ പ്രൈസ് സംവിധാനം നടപ്പിലാക്കുകയും ഉല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് നല്കുകയും ചെയ്തുവരുന്നു.

പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ കൗൺസിൽ ആവിഷ്ക്കരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**